**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **11-10-2024 - ൽ മറുപടിയ്ക്ക്**

**ചെറുതന കൃഷിഭവനിലെ വിള ആരോഗ്യ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചെറുതന കൃഷിഭവനിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽനിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ചെറുതന കൃഷി ഭവനിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽ നിന്നും എല്ലാ മാസവും സീസൺ അനുസരിച്ചുള്ള വിള പരിപാലന മുറകൾ വിശദമാക്കുന്ന ഹരിത പത്രിക "ആരോഗ്യ കേന്ദ്രം ചെറുതന'' എന്ന വാട്സ്ആപ് ഗ്രൂപ്പിൽ കൂടിയും മറ്റു ഗ്രൂപ്പുകളിൽ കൂടിയും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കീട-രോഗ ആക്രമണങ്ങൾ തിരിച്ചറിഞ്ഞ് പ്രതിവിധി നിശ്ചയിക്കാൻ കർഷകരെ സഹായിക്കുകയും,ജൈവ കീട-രോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് മുൻതൂക്കം നൽകി കൃഷി ചെയ്യാൻ കർഷകരെ പ്രേരിപ്പിക്കുകയും ,നിരീക്ഷണ പ്ലോട്ടുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്ന കീടരോഗ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ കീടരോഗ നിയന്ത്രണ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. വിള ആരോഗ്യ കാമ്പയിനും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഈ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യം കുറ്റമറ്റതാക്കാൻവേണ്ടി ചെറുതന കൃഷി ഓഫീസർ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ചെറുതന കൃഷി ഓഫീസർ 95700/-രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രൊപ്പോസൽ ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (സി) | 'വിള ആരോഗ്യ പരിപാലന കേന്ദ്രം ശാക്തീകരണം' പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ